ശ്രീ. ടി. എസ്. ജോൺ: അതിനുവേണ്ട നടപടി സ്വീകരിച്ചു വരുന്നുണ്ട്.

ഡോ. ജോർജുമാത്യു: മീറ്റർഗേജ് ലൈൻ ബ്രോഡ്ഗേജ് ലൈൻ ആക്കിയതിനെത്തുടർന്ന് പല പ്ലാറ്റു ഫാമുകളും റെയിൽവേ ലൈനുമായി ബന്ധമില്ലാതെയായിട്ടുള്ളതു നിമിത്തം അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. ആളുകൾ മരിച്ചതു ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതു കൊണ്ടു റെയിൽവേമന്ത്രി കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം പെടുത്തുമോ? ചെങ്ങന്നൂരും തിരുവല്ലായിലും ഉള്ള പ്ലാറ്റുഫാമുകൾ റീ കൺസ്ട്രക്ടു ചെയ്യുന്നതിനുള്ള നടപടി ഉടനെ സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: ചെങ്ങന്നൂരിലെ പ്ലാറ്റുഫാം വിപുലപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവല്ലായിലെ കാര്യവും എത്രയും വേഗം ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. സി. എ. കുര്യൻ: കെ. കെ. എക്സ്പ്രസ് ചെങ്ങന്നൂരിൽ നിർത്തണമെന്ന നിവേദനം നാട്ടുകാരുടെ വകയായി കിട്ടിയിട്ടുണ്ടോ? റെയിൽവേമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: കെ. കെ. എക്സ്പ്രസ് ആലപ്പുഴ ജില്ലയിൽ ഒരു സ്ഥലത്തും നിറുത്തുന്നില്ല. ചെങ്ങന്നൂരോ തിരുവല്ലായിലോ ഏതെങ്കിലും ഒരു സ്ഥലത്തു നിറുത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. എസ് നാരായണൻ നമ്പൂതിരി: കുറ്റിപ്പുറം—ഗുരുവായൂർ ലൈൻ പണിയുന്ന കാര്യം കേന്ദ്രഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: ഗുരുവായൂർ—കുറ്റിപ്പുറം ലൈൻ എത്രയും വേഗം എടുക്കണമെന്ന് കേന്ദ്രഗവൺമെൻറിനോടാവശ്യപ്പെട്ടിട്ടുണ്ട്.

[ചോദ്യം 156 ചോദിച്ചില്ല]

തീരദേശ തീവണ്ടിപ്പാത നിർമ്മാണം

* 146 [157] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ തീവണ്ടിപ്പാത നിർമ്മാണം ത്വരിതപ്പെടുത്താൻ റവന്യൂ വകുപ്പിന്റെ സഹകരണം ഇല്ല എന്നുള്ള റിപ്പോർട്ടുകൾ ശരിയാണോ;

(ബി) കേരളത്തിന് വരുന്ന വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കിട്ടാൻ പുതിയതായി ഏതെല്ലാം പാതകളാണ് കേന്ദ്രത്തോട് ആവശ്യപ്പെടാൻ പോകുന്നത്?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വർഷവും ഏതെല്ലാം പാതകളുടെ പണി ഉൾപ്പെടുത്തണമെന്ന് തീരുമാനിക്കുന്നത് കേന്ദ്രഗവൺമെൻറാണ്. കേരളത്തിൻെറ ആവശ്യങ്ങൾ കേന്ദ്രത്തിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, തൃശ്ശൂർ—ഗുരുവായൂർ പാതയുടെ പ്രവർത്തനം എത്രത്തോളമായി എന്നു പറയാൻ സാധിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: പറഞ്ഞു കഴിഞ്ഞു. അത് കേന്ദ്രഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. ബി. ആർ. പിള്ള: സർ, പുതിയ റെയിൽവേ ലൈനുകളുടെ നിർമ്മാണ പരിപാടികൾ ഗവൺമെൻറ് തയ്യാറാക്കുമ്പോൾ ഭീമമായിവരുന്ന സാമ്പത്തിക ബാദ്ധ്യത പൂർണ്ണമായും കേന്ദ്രഗവൺമെൻറ് ഏറ്റെടുത്തുകൊണ്ട് റെയിൽവേ ലൈൻ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുമെന്നു ഗവൺമെൻറ് പ്രതീക്ഷിക്കുന്നുണ്ടോ? സർക്കാർഭൂമി കൊടുക്കുക എന്ന ചടങ്ങുമാത്രം ചെയ്യാതെ ഇതിൻെറ സാമ്പത്തികമായ ബാധ്യത കുറെ സംസ്ഥാന ഗവൺമെൻറ് ഏറ്റെടുക്കുകയാണെങ്കിൽ ഇതിൻെറ പണി എളുപ്പം നടത്താൻ സാധിക്കും. അതൊന്ന് ആലോചിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. എസ്. ജോൺ: സംസ്ഥാന ഗവൺമെൻറിന് ചെയ്യാൻ കഴിവുള്ള സഹായങ്ങളൊക്കെ ചെയ്തുകൊടുക്കും.

ശ്രീ. എം. വി. രാജൻ: മലബാർ ഭാഗത്തുനിന്നു വരുന്ന വണ്ടികളിൽ യാത്രക്കാർ കൂടുതലായതിനാൽ വളരെ വിഷമം ഉണ്ടാകുന്നുണ്ട്. കൂടുതൽ ബോഗികൾ ആ വണ്ടികളിൽ ഘടിപ്പിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. എസ്. ജോൺ: ബോഗികൾ കൂടുതൽ ഘടിപ്പിക്കണമെന്ന് ആവശ്യപ്പെടാം.

ശ്രീ. എം. വി. രാഘവൻ: വേണാട് എക്സ്പ്രസ് കണ്ണൂർവരെ നീട്ടാൻവേണ്ടി കേന്ദ്രഗവൺമെൻറിൽ റെയിൽവേ ഡിപ്പാർട്ടുമെൻറ് സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. ടി. എസ് ജോൺ: സമ്മർദ്ദം ചെലുത്താം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: വേണാട് എക്സ്പ്രസ് ഓടുന്നതുപോലെതന്നെ എറണാകുളം—കോഴിക്കോട് ട്രെയിൻ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: നിവേദനം നടത്താം.

ശ്രീ. എസ്. ത്യാഗരാജൻ: കേരളത്തിലെ റയിൽവേ ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനുള്ള നിർദ്ദേശം ഉണ്ടോ? ഇതുസംബന്ധിച്ച് കേന്ദ്രഗവൺമെൻറിൻെറ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എസ്. ജോൺ: നിർദ്ദേശം ഉണ്ട്. കേരള ഗവൺമെൻറും കേന്ദ്രഗവൺമെൻറും തമ്മിൽ ഇതിനുവേണ്ട എല്ലാ വ്യവസ്ഥകളും എഗ്രിമെന്റിലില.

LIBRARY ARCHIVES Kerala Legislative Assembly